File No.LSGD-EPB2/34/2019-LSGD

'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ആലപ്പുഴ ജില്ലയിലെ ചെന്നിത്തല തൃപ്പെരുന്തറ ഗ്രാമപഞ്ചായത്തിലെ മുൻ യു.ഡി. ക്ലാർക്ക് ശ്രീമതി. ഇ.ആർ. ഓമനയമ്മാളിനെതിരെ ബഹു. ചെങ്ങന്നൂർ ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ നിലവിലുള്ള സി.സി. 998/14 നമ്പർ കേസ് പിൻവലിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.878/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 22/04/2019**

പരാമർശം:- 1 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ 23.05.2018-ലെ കെ.എസ്.എ.- എ.എൽ.പി./പി7-207/2018 നമ്പർ കത്ത്

2 ശ്രീമതി. ഇ.ആർ. ഓമനയമ്മാൾ സമർപ്പിച്ച തീയതി രേഖപ്പെടുത്താത്ത അപേക്ഷ

3 പഞ്ചായത്ത് ഡയറക്ടറുടെ 18.01.2019-ലെ ഡി8-22464/07 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിൽ ചെന്നിത്തല തൃപ്പെരുന്തറ ഗ്രാമപഞ്ചായത്തിൽ യു.ഡി. ക്ലാർക്കായി ശ്രീമതി. ഓമന അമ്മാൾ ജോലി ചെയ്തിരുന്ന കാലയളവിൽ 2005-2006 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ രസീതു പ്രകാരം പിരിച്ചെടുത്ത തുക അടവാക്കുന്നതിൽ കുറവ് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. ഓമനയമ്മാളിനെ സേവനത്തിൽ നിന്നും സസ്പെൻഡ് ചെയ്യുകയും CC 998/14 നമ്പറായി ബഹു. ചെങ്ങന്നൂർ ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിരുന്നു. ശ്രീമതി. ഓമനയമ്മാളിനെതിരെ കണ്ടെത്തിയ ബാധ്യത തുക 19,278/- രൂപയാണെന്നും പ്രസ്തുത തുകയും പിഴ പലിശയും ഉൾപ്പെടെ 60,918/- രൂപ പഞ്ചായത്ത് കമ്മിറ്റി ആവശ്യപ്പെട്ട പ്രകാരം അടവാക്കി ബാധ്യത ഒഴിവാക്കുന്നതിനു നിർദ്ദേശിച്ച പ്രകാരം പ്രസ്തുത തുക അടവാക്കിയിട്ടുണ്ടെന്നും അതിന്റെ അടിസ്ഥാനത്തിൽ പരാമർശം ( 1 ) പ്രകാരം ശ്രീമതി. ഓമനയമ്മാളിനെ ബാധ്യതയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടെന്നും പഞ്ചായത്ത് കമ്മിറ്റിയുടെ 12.12.2017-ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം ബാധ്യത തുക പൂർണമായും പിഴ പലിശ സഹിതം ഒടുക്കിയതിനാൽ പഞ്ചായത്തിന് യാതൊരു വിധ നഷ്ടങ്ങളും ഉണ്ടാകാതിരിക്കുന്ന സാഹചര്യത്തിൽ മാനുഷിക പരിഗണന കണക്കിലെടുത്തു ടിയാൾക്കെതിരെ മേൽ നടപടികൾ സ്വീകരിക്കുന്നത് ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നതിന് 2 അംഗങ്ങളുടെ വിയോജനക്കുറിപ്പോടെ തീരുമാനിച്ചിട്ടുണ്ടെന്നും ഈ സാഹചര്യത്തിൽ തനിയ്ക്കെതിരായ സി.സി. 998/14 നം. കേസ് ഒഴിവാക്കണമെന്നും ശ്രീമതി. ഓമനയമ്മാൾ പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. ഓമനയമ്മാളിനെതിരെ

കണ്ടെത്തിയ ബാധ്യത തുകയും പിഴ പലിശയും ഉൾപ്പെടെ 60,918/- രൂപ അടവാക്കിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം ശ്രീമതി. ഓമനയമ്മാളിനെ ബാധ്യതയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പഞ്ചായത്തിനുണ്ടായ നഷ്ടം പരിഹരിച്ചതിനാലും പഞ്ചായത്ത് കമ്മിറ്റി ടിയാൾക്കെതിരെയുള്ള മേൽ നടപടി ഒഴിവാക്കുന്നതിന് തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിലും മാനുഷിക പരിഗണന നൽകി ശ്രീമതി. ഇ.ആർ. ഓമനയമ്മാളിനെതിരെ ബഹു. ചെങ്ങന്നൂർ ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ നിലവിലുള്ള സി.സി. 998/14 നമ്പർ കേസ് പിൻവലിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഷീബ ബി**
**ഡെപ്യൂട്ടി സെക്രട്ടറി**

വകർപ്പ്

1. ശ്രീമതി. ഇ.ആർ. ഓമനയമ്മാൾ, മുൻ യു.ഡി. ക്ലാർക്ക്, ചെന്നിത്തല തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
5. ഡെപ്യൂട്ടി ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
6. പ്രസിഡന്റ്/സെക്രട്ടറി, ചെന്നിത്തല തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്ത്
7. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി2/34/2019/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ